എം (2)/31035/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യലയം
തിരുവനന്തപുരം., തീയതി: 25.04.2015.

## വിജ്ഞാപനം

സ്വാശ്രയ മേഖലയിലെ ''ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ'' (ഡിഎഡ്) കോഴ്സിന് 2015-2017 അദ്ധ്യായന വർഷത്തേക്ക്, താഴെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. ജി.ഒ. (എം.എസ്.) നം: 291/2004/പൊ.വി.വ., തീയതി: 14.04.2004 പ്രകാരം സ്വാശ്രയ മേഖലയിലെ ടീച്ചർ ട്രെയിനിംഗ് കോഴ്സിലേക്ക് പ്രവേശനത്തിനായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തു നിലവിലുള്ള ട്രെയിൻഡ് ടീച്ചർ സർട്ടിഫിക്കറ്റ് (ടി.ടി.സി.) കോഴ്സിന്റെ പേര് ''ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ'' (ഡിഎഡ്) എന്നു മാറ്റി എൽ.പി. യു.പി. അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ ഘടനയും സ്വഭാവവും പാഠ്യപദ്ധതിയിലും 2013-14 അദ്ധ്യായന വർഷം മുതൽ സ.ഉ (സാധാ) നം. 3280/2013/പൊ.വി. തീയതി 05.08.2013 പ്രകാരം പരിഷ്കരിച്ച് ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി.

### തെരഞ്ഞെടുപ്പ് രീതി

ഓരോ മീഡിയത്തിനും അനുവദിക്കപ്പെട്ട 50 സീറ്റിൽ 50% ഓപ്പൺ മെരിറ്റും 50% മാനേജ്മെന്റ് ക്വാട്ടയുമായിരിക്കും.

### ഫീസ് ഘടന

| | | |
|---|---|---|
| 1. ഫീസ് | – | 100 രൂപ |
| 2. ട്യൂഷൻ ഫീസ് | – | 1,000 രൂപ (പ്രതിമാസം) |
| 3. ഡെവലപ്പ്മെന്റ് ഫീസ് | – | 3,000 രൂപ (പ്രതി വർഷം) |
| 4.അപേക്ഷാ ഫീസ് | – | 100 രൂപ |

അഡ്മിഷൻ ഫീസ് അഡ്മിഷൻ സമയത്തും ഡെവലപ്പ്മെന്റ് ഫീസ് 1,2 വർഷങ്ങളുടെ ആരംഭത്തിലും അടയ്ക്കേണ്ടതാണ്.

### യോഗ്യതകൾ :

അപേക്ഷകർ താഴെ പറയുന്ന ഏതെങ്കിലും പരീക്ഷയിൽ ചുരുങ്ങിയത് 50 ശതമാനം മാർക്ക് നേടിയിരിക്കണം.

1. കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷ ബോർഡ് നടത്തുന്ന ഹയർ സെക്കന്ററി പരീക്ഷ അല്ലെങ്കിൽ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള പരീക്ഷ
2. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നടത്തുന്ന പ്രീഡിഗ്രി അല്ലെങ്കിൽ തത്തുല്ല്യമായി അംഗീകരിച്ചിട്ടുള്ള പരീക്ഷ.
3. ആകെയുള്ള സീറ്റുകളിൽ സയൻസ് വിഭാഗത്തിന് 40 ശതമാനം, ഹ്യൂമാനിറ്റീസ് വിഭാഗത്തിന് 40 ശതമാനം, കോമേഴ്സ് വിഭാഗത്തിന് 20 ശതമാനം എന്നിങ്ങനെ നിജപ്പെടുത്തിരിക്കുന്നു.

## മറ്റു വ്യവസ്ഥകൾ

1. യോഗ്യത പരീക്ഷ പാസ്സാകാൻ മൂന്ന് ചാൻസിൽ കൂടുതൽ എടുത്തിട്ടുള്ളവർ ഈ കോഴ്സിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ഇക്കാര്യത്തിൽ 'സേ' (സേവ് എ ഇയർ) പരീക്ഷ എഴുതിയിട്ടുള്ളതും ചാൻസായി പരിഗണിക്കുന്നതാണ് (സർക്കാർ കത്ത് നം. 31480/ഡി3/10/പൊ.വി. തീയതി 29.5.2010.) സ.ഉ. (സാധാ) നമ്പർ 3950/2011/പൊ.പി. തീയതി 15.09.2011 പ്രകാരം മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് യോഗ്യതാ പരീക്ഷയ്ക്ക് നിശ്ചയിച്ച മാർക്കിൽ അഞ്ച് ശതമാനം ഇളവ് അനുവദിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗയങ്ങൾക്ക് മാർക്കിന്റെയും ചാൻസിന്റെയും പരിധി ബാധകമല്ല. (15.09.2011 ലെ സ.ഉ. (സാധാ.) നമ്പർ. 3950/2011/പൊ.വി.വ.).

2. അപേക്ഷകർക്ക് 01.07.2015 ൽ 17 വയസ്സിൽ കുറവുള്ളവരോ 33 വയസ്സിൽ കൂടുതലുള്ളവരോ ആകാൻ പാടുള്ളതല്ല. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് 3 വർഷവും വിമുക്ത ഭടൻമാർക്ക് അവരുടെ സൈനിക സേവനത്തന്റെ കാലയളവും ഇളവ് നൽകുന്നതാണ്. നേരത്തെ അദ്ധ്യാപകനായി അംഗീകാരം ലഭിച്ചിട്ടുള്ള അപേക്ഷകർക്ക് അവരുടെ അദ്ധ്യാപക സേവന കാലയളവ് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതിന് കണക്കാക്കുന്നതാണ്.

3. ജില്ലയിലെ മെരിറ്റ് ക്വാട്ടയിലെ സീറ്റിലേക്കുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർ നിലവിലുള്ള സംവരണ വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. എന്നാൽ 50 ശതമാനം മാനേജ്മെന്റ് ക്വാട്ട അതാത് വിദ്യാഭ്യാസ സ്ഥാപനാടിസ്ഥാനത്തിൽ മാനേജർമാർക്ക് നടത്താവുന്നതാണ്.

4. വിമുക്ത ഭടൻമാർക്ക് ഓരോ റവന്യൂ ജില്ലയിലും മെരിറ്റ് ക്വാട്ടയിലുള്ള ആകെ സീറ്റിന്റെ 2% നീക്കി വച്ചിട്ടുണ്ട്. അതിലേക്ക് ബന്ധപ്പെട്ടവർ നിശ്ചിത രീതിയിൽ അപേക്ഷിക്കേണ്ടതാണ്. ഈ സീറ്റുകളിൽ വേണ്ടത്ര അപേക്ഷകളില്ലെങ്കിൽ ബാക്കിയുള്ള സീറ്റുകളിലേക്ക് സൈനിക സേവനത്തിൽ കുറഞ്ഞത് 5 വർഷത്തെ സർവ്വീസിനു ശേഷം പിരിഞ്ഞുപോയവരുടെ ഭാര്യമാരേയും അവിവാഹിതരായ മക്കളേയും തെരഞ്ഞെടുക്കുന്നതാണ്. അതിലേക്ക് അർഹതപ്പെട്ടവർ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നിശ്ചിത രീതിയിൽ അപേക്ഷിക്കേണ്ടതാണ്.

5. തങ്ങളുടെ നിയന്ത്രണത്തിനതീതമായി 5 കൊല്ലം തികയാതെ തന്നെ സേവനത്തിൽ നിന്നും പിരിഞ്ഞു പോകേണ്ടിവരികയോ മരിക്കുകയോ ചെയ്ത ഭടൻമാരുടെ ഭാര്യമാർക്കും അവിവാഹിതരായ മക്കൾക്കും മുകളിൽ കാണിച്ച രണ്ട് വിഭാഗങ്ങളിൽ അർഹരായ അപേക്ഷകരില്ലെങ്കിൽ ഈ സീറ്റുകൾ നൽകുന്നതാണ്.

6. മുകളിൽ സൂചിപ്പിച്ച (5,6 ഖണ്ഡികകൾ) ജവാൻമാരോ പട്ടാളത്തിൽ നിന്നും പിരിഞ്ഞ് പോയവരോ അപേക്ഷകനുമായുള്ള ബന്ധം തെളിയിക്കുന്നതിന് തഹസീൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റേയോ ജില്ലാ സൈനിക ബോർഡ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റേയോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി ഹാജരാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച സീറ്റുകളിലേക്ക് വേണ്ടത്ര അർഹതയുള്ള അപേക്ഷകരില്ലെങ്കിൽ ബാക്കി വരുന്ന സീറ്റുകളിൽ അർഹതയുള്ള മറ്റു വിഭാഗത്തിന്റെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

8. അംഗവൈകല്യമുള്ളവർക്ക് (ബുദ്ധിവൈകല്യമുള്ളവർ, ബധിരർ എന്നിവരൊഴികെ) ഉൾപ്പെടെ മൂന്ന് ശതമാനം സീറ്റ് നീക്കിവച്ചിട്ടുണ്ട്. അതിലേക്ക് അർഹതയുള്ളവർ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. (ജി.ഒ(എം.എസ്) 38/81/ജി.എഡ്യൂ. തീയതി 27.2.1981). സർക്കാർ നിർദ്ദേശിച്ച വൈകല്യത്തിന്റെ തീവ്രത (ശതമാനം) ഉറപ്പാക്കണം.

9. സ്പോർട്ട്സ് ക്വാട്ടയിൽ ഓരോ ജില്ലയിലും 25 ൽ കൂടുതൽ മെരിറ്റ് ക്വാട്ട സീറ്റുകൾ ലഭ്യമാണെങ്കിൽ ഓരോ 50 സീറ്റിനും ഓരോ സീറ്റു വീതം സ്പോർട്ട്സ് താരങ്ങൾക്കായി നീക്കിവയ്ക്കേണ്ടതാണ്. അവരുടെ അപേക്ഷകൾ സ്പോർട്ട്സ് കൗൺസിൽ സ്വീകരിച്ച് 31.5.2013 - നകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് പരിഗണനയ്ക്കായി അയച്ചു കൊടുക്കേണ്ടതാണ്. ഈ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് കെ.ഇ.ആർ അദ്ധ്യായം 25 റൂൾ 7 അനുസരിച്ചായിരിക്കും.

10. സ്പോർട്സ് ക്വാട്ടാ പ്രാവേശനത്തിന് സ്പോർട്ട്സ് കൗൺസിലിന് അപേക്ഷ നൽകുന്നവരും മുകളിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ളവരും ഒഴികെയുള്ള എല്ലാ വിഭാഗത്തിലുംപ്പെട്ട അപേക്ഷകരെ സർട്ടിഫിക്കറ്റുകളുടെ കോപ്പി അപേക്ഷയൊടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത അപേക്ഷകർ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ ഇന്റർവ്യൂ സമയത്തും അതാത് സെന്ററിലും ഹാജരാക്കേണ്ടതാണ്.

11. സർക്കാർ ഉത്തരവ് നമ്പർ (സാധാരണ) 773/93/ഉ.പി തീയതി 10.5.1993 പ്രകാരം മെരിറ്റ് ക്വാട്ടയിൽ എൻ,സി.സി കേഡറ്റുകൾക്ക് 10 മാർക്ക് വെയിറ്റേജ് നൽകുന്നതാണ്. എൻ.സി.സി ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച് നൽകുന്ന വെയിറ്റേജ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

12. മെരിറ്റ് ക്വാട്ടയിലുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് 15.05.2015 ന് മുൻപ് കിട്ടത്തക്ക രീതിയിൽ നേരിട്ട് സമർപ്പിക്കുകയോ രജിസ്റ്റർ ചെയ്ത് അയയ്ക്കുകയോ വേണം.

13. ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ രാജ്യപുരസ്കാർ അല്ലെങ്കിൽ രാഷ്ട്രപതി പുരസ്കാർ നേടിയിട്ടുള്ളവർക്ക് മെരിറ്റ് ക്വാട്ടയിൽ ടി.ടി.സി പ്രവേശനത്തിന് മുൻഗണന നൽകുന്നതാണ് (27.5.1975 ലെ ജി.ഒ(എം.എസ്) 122/75/ പൊ.വി.).

14. എൻ.എസ്.എസ്. - ന്റെ നാഷണൽ ക്യാമ്പിലോ റിപബ്ലിക് ദിനാ ക്യാമ്പിലോ പങ്കെടുത്തിട്ടുള്ള എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് 11.10.2011 - ലെ സ.ഉ. (എം.എസ്) നമ്പർ 206/2011/പൊ.വി. ഉത്തരവിലെ വ്യവസ്ഥ പ്രകാരം ടി.ടി.സി. ഠകാഴ്സ് പ്രവേശനത്തിന് മുൻഗണന നൽകുന്നതാണ്.

15. ജി.ഒ (ആർ.റ്റി) നമ്പർ 2712/02/പൊതു വിദ്യാഭ്യാസം തീയതി 16.8.2002 പ്രകാരം തമിഴ് ടി,ടി.ഐ കളിൽ ആകെയുള്ള സീറ്റുകളിൽ 10% (പത്ത് ശതമാനം) തമിഴ് നാട്ടിൽ നിന്നുള്ള ഹയർ സെക്കന്ററി പരീക്ഷ പാസ്സായ കുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. കൂടാതെ 13.11.2003 ലെ ജി.ഒ(ആർ.റ്റി) നമ്പർ 4627/2003/പൊതു വിദ്യാഭ്യാസം പ്രകാരം കേരളത്തിലെ അർഹരായ മുഴുവൻ കുട്ടികൾക്കും തമിഴ് ടി.ടി.ഐ കളിൽ അഡ്മിഷൻ നൽകിയതിനുശേഷം ബാക്കി വരുന്ന സീറ്റുകളിലേക്ക് കൂടി തമിഴ്നാട്ടിൽ നിന്ന് +2 പാസ്സായ കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതാണ്.

16. സ്വാശ്രയ റ്റി.റ്റി.ഐ കളിലെ മെരിറ്റ്/മാനജ്മെന്റ് സീറ്റുകളിൽ കേരളത്തിലെ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകിയശേഷം ബാക്കി വരുന്ന സീറ്റുകളിൽ മറ്റു സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് അവരുടെ സംസ്ഥാനത്തെ താമസസ്ഥലത്തുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റു പ്രകാരം അഡ്മിഷൻ നൽകുന്നതാണ് (സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1041/06 പൊ.വി, തീയതി: 08.03.2006).

17. അപേക്ഷയിൽ കോളങ്ങൾ ഒന്നും പൂരിപ്പിക്കാതെ ഒഴിവാക്കിയിടാൻ പാടില്ല. ബാധകമല്ലെങ്കിൽ ബാധകമല്ല എന്നെഴുതേണ്ടതാണ്. 2015-16 അധ്യായന വർഷത്തെ ഡി/എഡ് പ്രവേശനത്തിന് ഈ വർഷം പ്ലസ്ടു പരീക്ഷ എഴുതുന്നവർക്കു കൂടി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 20.05.2015 ആണ്.

18. ഓരോ സ്വാശ്രയ സ്ഥാപനങ്ങളിലും ആകെയുള്ള സീറ്റുകളിൽ 50 ശതമാനം മാനേജ്മെന്റ് ക്വാട്ടയിൽ യോഗ്യതയുടെ അടിസ്ഥാത്തിൽ അതാത് മാനേജർമാർ പ്രവേശനം നൽകേണ്ടതാണ്. പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത് താഴെ വിവരിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചായിരിക്കും.

(എ) യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് - 65 %
(ബി) ഇന്റർവ്യൂവിൽ ലഭിച്ച മാർക്ക് - 35 %

19. (എ) ഓരോ ജില്ലയിലേയും അപേക്ഷകരിൽ നിന്നും മെരിറ്റടിസ്ഥാനത്തിൽ സംവരണതത്വങ്ങൾക്ക് വിധേയമായി നിലവിലുള്ള സീറ്റിന്റെ എണ്ണത്തേക്കാൾ മൂന്നിരട്ടി പേരുടെ ലിസ്റ്റ് തയ്യാറാക്കി ഇന്റർവ്യൂ നടത്തി മെരിറ്റ് ക്വാട്ടയിലെ മുഴുവൻ സീറ്റുകളും നികത്തേണ്ടതാണ്.

(ബി) മെരിറ്റിന്റെ അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾക്ക് വിധേയമായി വെയിറ്റിംഗ് ലിസ്റ്റ് ഉണ്ടാക്കുകയും ഓരോ കമ്മ്യൂണിറ്റിയിലും ഉൾപ്പെട്ടവരുടെ വെയിറ്റിംഗ് ലിസ്റ്റ് പ്രത്യേകം തയ്യാറാക്കേണ്ടതുമാണ്. ഓരോ കാറ്റഗറിയിലും മൂന്നിരട്ടി പേരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ലിസ്റ്റ് തയ്യാറാക്കുന്നതിന് നിലവിലുള്ള നടപടിക്രമം സ്വീകരിക്കേണ്ടതാണ്. കൂടിക്കാഴ്ചയ്ക്ക് ഹാജരാകാതെ വരുന്ന അപേക്ഷകർക്ക് പകരമായി ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കേണ്ടതും എല്ലാ സീറ്റുകളും അന്നേ ദിവസം തന്നെ നികത്തേണ്ടതുമാണ്. (ഗവൺമെന്റ് ഉത്തരവ് നമ്പർ 2594/2000/പൊ.വി.(ഡി)വകുപ്പ് തിരുവനന്തപുരം, തീയതി 27.6.2000).

**അപേക്ഷിക്കേണ്ട വിധം**

1. അപേക്ഷ നിശ്ചിത ഫാറത്തിൽ തന്നെ സമർപ്പിക്കണം. മാതൃകാ ഫോറം എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ഓഫീസുകളിലും www.education.kerala.gov.in എന്ന വെബ് സൈറ്റിലും ലഭിക്കുന്നതാണ്. മെരിറ്റ് ക്വാട്ടയിലുള്ള അപേക്ഷയോടൊപ്പം 100(നൂറ്) രൂപയ്ക്കുള്ള ക്രോസ് ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ പേരിൽ വാങ്ങി ഉള്ളടക്കം ചെയ്യേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ അപേക്ഷാഫീസ് അടയ്ക്കേണ്ടതില്ല. മെരിറ്റ് ക്വാട്ടയിലുള്ള അപേക്ഷകർ അതാത് റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ അയയ്ക്കേണ്ടതാണ്. മാനേജ്മെന്റ് ക്വാട്ടയിൽ തെരഞ്ഞെടുക്കപ്പെടുന്നതിന് അതാത് സ്ഥാപനത്തിന്റെ മാനേജർമാരുടെ പേരിലെടുത്ത 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അതാത് മാനേജർമാർക്കു തന്നെ അപേക്ഷ നൽകേണ്ടതാണ്.
2. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.
3. ട്രെയിനിംഗ് സ്കൂളുകളുടെ ലിസ്റ്റും മാതൃകാ അപേക്ഷാ ഫോറവും അനുബന്ധമായി ചേർത്തിട്ടുണ്ട്.

**എൻ.ബി**

1. തമിഴ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിലേക്കുള്ള അപേക്ഷകർ പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നീ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇംഗ്ലീഷ് മീഡിയത്തിലേക്കുള്ള അപേക്ഷകൾ തിരുവനന്തപുരം/കൊല്ലം/മലപ്പുറം/ കോഴിക്കോട്/കണ്ണൂർ എന്നീ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അയയ്ക്കേണ്ടതാണ്.

2. ഈ നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന മാതൃകയിലുള്ള അപേക്ഷഫാറം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ.

3. 2015-2016 വർഷത്തെ പ്രവേശന നടപടികൾ 31.5.2015 നകം പൂർത്തിയാക്കുന്നതിനായി പ്രസ്തുതതിയയ്ക്കകം മെരിറ്റ് ലിസ്റ്റും വെയിറ്റിംഗ് ലിസ്റ്റും തയ്യാറാക്കി ഇന്റർവ്യൂ നടത്തി 1.6.2015 ന് അദ്ധ്യയനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

4. മെരിറ്റ് സീറ്റിലേയ്ക്കുള്ള അപേക്ഷകരിൽ നിന്നും ലഭിക്കുന്ന അപേക്ഷാ ഫീസിന്റെ 40 ശതമാനം തുക ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഡി/എഡ് പ്രവേശനം സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ബാക്കി വരുന്ന 60% തുക ഒറ്റ ഡിമാന്റ് ഡ്രാഫ്റ്റായി എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് നല്കേണ്ടതാണ്(എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 31.7.2010 ലെ പ്രോഗ്രാം IV/1467/2010 നമ്പർ കത്ത്).

5. 5.2.2010 ലെ സർക്കാർ കത്ത് നമ്പർ 22694/ഡി3/09/പൊ.വി പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

(1) ടി.ടി.സി പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായവും യോഗ്യതയും സംബന്ധിച്ച് നിബന്ധനകളിൽ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കുന്നതല്ല. മാനേജ്മെന്റ് ക്വാട്ടയിലടക്കം പ്രവേശനത്തിന് ഇത് ബാധകമാണ്. ഇത് പാലിക്കാതെ ഏതെങ്കിലും വിദ്യാർത്ഥിയ്ക്ക് പ്രവേശനം നൽകിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ടി.ടി.ഐ പ്രിൻസിപ്പാളിനായിരിക്കും

(2) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്തിയതായി കണ്ടെത്തുന്ന പ്രിൻസിപ്പൽമാരെ എസ്.സി.ഇ.ആർ.ടി.യുടെ അധികൃത പാനലിൽ നിന്നും ഒഴിവാക്കുന്നതും അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

(3) ഡി/എഡ് പ്രവേശനം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ തന്നെ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടമാർ പരിശോധന നടത്തി യോഗ്യതയില്ലാത്ത വിദ്യാർത്ഥി കൾക്ക് പ്രവേശനാനുമതി നിഷേധിക്കേണ്ടതാണ്. പ്രവേശനാനുമതി നിഷേധിക്കുന്ന വിദ്യാർത്ഥികളെ ഒരു കാരണവശാലും പഠനം തുടരാൻ അനുവദിക്കരുത്.

(4) പ്രവേശനാനുമതി നിഷേധിക്കുന്ന വിദ്യാർത്ഥികളെ പഠനം തുടരാൻ അനുവദിക്കുന്ന പക്ഷം ബന്ധപ്പെട്ട ടി.ടി.ഐ യുടെ അംഗീകാരം പിൻവലിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഒപ്പ്)
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

## APPLICATION FOR ADMISSION TO THE DIPLOMA IN EDUCATION CERTIFICATE 2015-2017 (Management Quota) (In Duplicate)

1. Name of Revenue District in which admission is sought :
2. Name in full of the applicant (in BLOCK letters) :
3. Full address to which communications are to be sent :
4. Date of birth and age as on 1.7.2015 :
5. Sex :
6. If the applicant belongs to OBC/SC/ST, State the Community and sub – division, if any ( Self Attested Copy of Community Certificate to be attached) :
7. Applicant's mother tongue :
8. Qualifications: HSE or equivalent
   1. Name of qualifying Examination
   2. Register No. and year of passing
   3. Number of chances including SAY Examination taken for passing the qualifying Examination
9. Additional Qualification :
10. Marks obtained in HSE / Equivalent Exam: : Grade/Marks secured
    Subjects

    Total :
11. Total percentage of marks :
12. Name of University/ Examination Board :
13. DD No. & Date and Name of the Bank :

### DECLARATION

I hereby declare that the statement furnished above are true and are bonafide as can be proved by proper records in my possession.

I also declare that I have not taken more than three chances including 'SAY' examination to pass the qualifying examination for admission to the course.

I also declare that I have not applied to any other district for the course during this year.

Place :
Date :

Signature of Applicant

# CERTIFICATE

Certified that the details furnished in the application have been verified with the following original certificates and found correct.

1. PDC/HSS ($1^{st}$ /$2^{nd}$ /$3^{rd}$ chances).
2. PDC/Higher Secondary Education (Specify).
3. Certificate in respect of Nativity/Residence.
4. Certificate showing disability (Physically Handicapped).
5. Certificate of NCC (from NCC Directorate for giving wait age marks).
6. Certificate of Bharat Scouts and Guides acquired by Rajya Puraskar/Rashtrapathy Puraskar).
7. Certificate of discharge in respect in respect of Ex-Service men.
8. Certificate of relationship with Jawan.
9. Any other Certificate.
10. Columns not applicable have been scored off.

Signature of Gazetted Officer
(Name and Address with Seal)

N.B :- The Attesting Officer should verify the certificate in original before attesting the application. Certificates not necessary should be scored off.

# APPLICATION FOR ADMISSION TO THE DIPLOMA IN EDUCATION COURSE 2015-2017 (SELF FINANCING-MERIT QUOTA)

1. Name of Revenue District in which admission is sought :
2. Name in full of the applicant (in block letters) :
3. Full address to which communications are to be sent :
4. Date of birth and age as on 1.7.2015 :
5. Sex :
6. If the applicant belongs to OBC/SC/ST State the Community and sub – division, if any (Self Attested Copy of Community Certificate to be attached) :
7. Whether the applicant is an Ex-serviceman, if so true copy of the discharge certificate to be attached :
8. Whether the applicant is the Wife/Child of Ex-service, if so copy of self attested certificate showing his service or relationship with him etc, to be attached
9. Whether the applicant is the wife/child of Ex-Service if so copy of self attested certificate showing his service or relationship, with him etc, to be attached :
10 Applicant's mother tongue :
11 Qualifications : HSE or equivalent
   1. Name of qualifying Examination
   2. Register No. and year of passing
   3. Number of chances ( including SAY examination) taken for passing the qualifying Examination
12. Additional Qualification
13. Marks obtained in HSE / Equivalent Exam : Subjects : Grade/Mark secured

Total :

14. Total percentage of marks :

15 Name of University /Examination Board :

16 Whether the candidate is physically handicapped
(copy of self attested Certificate to be produced)

17 Whether the candidate is NCC cadet :

18 State the names of games played and whether the applicant has distinguished himself in games or athletics or presented the school in any competition (Enclose self attested copies of certificates) :

a) All India Level

b) State Level

c) District Level

d) Sub – district Level

19. Whether the candidate has acquired by Rajyapuraskar : or Rashtrapathi Puraskar or Bharath Scouts and Guides

20. Whether the candidate is coming under Sports Quota / Sports Council :

21. Whether the applicant is eligible for weightage a

NSS volunteer/NCC cadet? If so details :

22. Demand Draft No. , Date and Name of Bank :

23 Name of Institute preferred (Please see the list of Training Schools).

(1)

(2)

(3)

DECLARATION

I hereby declare that the statement furnished above are true and are bonafide as can be proved by proper records in my possession.

I also declare that I have not taken more than three chances including 'SAY' examination to pass the qualifying examination for admission to the course.

I also declare that I have not applied to any other district for the course during this year.

Place :
Date : Signature of Applicant

N.B: Candidates who does not furnish information against co' 6 will be treated as applied against general quota.

# CERTIFICATE

Certified that the details furnished in the application have been verified with the following original certificates and found correct.

1. PDC/HSS (1st /2nd /3rd chances).
2. PDC/Higher Secondary Education (Specify).
3. Certificate in respect of Nativity/Residence.
4. Certificate showing disability (Physically Handicapped).
5. Certificate of NCC (from NCC Directorate for giving wait age marks).
6. Certificate of Bharat Scouts and Guides acquired by Rajya Puraskar/Rashtrapathy Puraskar).
7. Certificate of discharge in respect in respect of Ex-Service men.
8. Certificate of relationship with Jawan.
9. Any other Certificate.
10. Columns not applicable have been scored off.

Signature of Gazetted Officer
(Name and Address with Seal)

N.B :- The Attesting Officer should verify the certificate in original before attesting the application. Certificates not necessary should be scored off.